(ബി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ജീവനക്കാരുടെ കുറവ് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) മെഡിക്കൽ കോളേജിലെ വിവിധ പരിശോധനകൾക്കുള്ള ഫീസ് നിരക്ക് വളരെ ഉയർന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ കാര്യത്തിൽഇളവുണ്ടോ;

(എഫ്) പാവപ്പെട്ടവരുടെ ആശാകേന്ദ്രമായിരുന്ന ഈ ആശുപത്രി അവർക്ക് അപ്രാപ്യമാകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വെളിപ്പെടുത്തുമോ;

(ജി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഈ ആശുപത്രിയിൽ പരിശോധനയ്ക്ക് ഫീസ് ഈടാക്കാറുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. ജീവനക്കാരുടെ കുറവ് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) അവർക്ക് സൗജന്യപരിശോധന അനുവദിക്കുന്നുണ്ട്.

(എഫ്) പാവപ്പെട്ടവർക്ക് ചികിത്സ പൂർണ്ണമായും സൗജന്യമാണ്.

(ജി) ഫീസ് ഈടാക്കാറില്ല.

161(188) ആലപ്പുഴ മെഡിക്കൽ കോളേജിന്റെ വികസനവും നവീകരണവും

ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജിന്റെ വികസനത്തിനും നവീകരണത്തിനുമായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; ഇവിടെ ബ്ലോക്കുകളോ വാർഡുകളോ പണിയുകയും നിലവിലുള്ള വാർഡുകൾ നവീകരിക്കുകയും ചെയ്തിട്ടുണ്ടോ;

(സി) ആശുപത്രിയിലെ ട്രോമാകെയർ വിഭാഗം, രക്തബാങ്ക്, സി.റ്റി. സ്കാനർ, റേഡിയോളജി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) നെഫ്റോളജി വകുപ്പിൽ ഒഴിവുള്ള ഡോക്ടർമാരുടെ തസ്തികകളിൽ നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത ആശുപത്രിയിലെ മോർച്ചറി പ്രവർത്തിക്കുന്നതിനാവശ്യമായ സ്റ്റാഫ് ഇല്ലാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(എഫ്) ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ ആവശ്യത്തിന് ഡോക്ടർമാരും, ഉപകരണങ്ങളും ഇല്ലാത്തതിനാലുള്ള ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് വണ്ടാനം ആശുപത്രി കോമ്പൗണ്ടിൽ രണ്ട് പുതിയ ബ്ലോക്കുകളുടെ പണി പൂർത്തിയായി. ടൗണിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജാശുപത്രിയിൽ നിന്ന് ശിശുരോഗവിഭാഗവും, ശിശുരോഗ ശസ്ത്രക്രിയാ വിഭാഗവും 109 കിടക്കകളോടുകൂടി വണ്ടാനത്തേയ്ക്ക് മാറ്റുവാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ പ്രസ്തുത ഡിപ്പാർട്ട്മെന്റുകൾ മാറ്റുന്നതിനാവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടിയെടുത്തുവരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജാശുപത്രിയിലെ നെഫ്രോളജി വിഭാഗത്തിന്റെ വികസനത്തിനായി ഉദ്ദേശം 16 ലക്ഷം രൂപ വിലവരുന്ന യന്ത്രസാമഗ്രികൾ വാങ്ങാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റേഡിയോ തെറാപ്പി വിഭാഗത്തിൽ ബ്രാക്കി തെറാപ്പി ചികിത്സയ്ക്ക് ആവശ്യമായ സീസിയം നീഡിലുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിക്കഴിഞ്ഞു.

(ബി) കാർഡിയോളജി ഐ.സി.യൂണിറ്റും, ട്രോമാകെയർ യൂണിറ്റും നവീകരിച്ച് വണ്ടാനത്ത് ആശുപത്രി സമുച്ചയത്തിന്റെയും സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും പണികൾ പുരോഗമിക്കുന്നു.

(സി) ട്രോമാകെയർ വിഭാഗം രക്തബാങ്ക്, റേഡിയോളജി എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. സി.ററി.സ്കാൻ, കാൻസർ കെയർ സൊസൈറ്റിയുടെ .....

(ഡി) ഒഴിവുകൾ ഇല്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഉണ്ട്, നടപടികൾ സ്വീകരിച്ചുവരുന്നു.

162(189) ആലപ്പുഴ മെഡിക്കൽ കോളജാശുപത്രിയോടനുബന്ധിച്ച് 'വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്'

ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് 'വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്' എന്നുമുതൽക്കാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഇൻസ്റ്റിറ്റ്യൂട്ടിൽ എത്ര ജീവനക്കാർ ഉണ്ട്; ഏതെല്ലാം തസ്തികകളിൽ ; വിശദവിവരം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly